## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2603** **06.02.2018-ൽ മറുപടിയ്ക്ക്**

### കോതമംഗലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കോതമംഗലം കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി നല്കിയിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 24-4-2017-ന് കുഞ്ചിപ്പാറ കോളനിയിൽ കൂടിയ ഊരുകൂട്ടത്തിന്റെ മിനുട്ട്സിൽ പത്താംക്ലാസ് പാസ്സായ കുട്ടികൾക്ക് തുടർപഠനത്തിന് സൗകര്യമുണ്ടാക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ അംബേദ്കർ സെറ്റിൽമെന്റ് കോളനി വികസനത്തിനോടനുബന്ധിച്ച് തേര കോളനിയിൽ കൂടിയ ഊരുക്കൂട്ടത്തിലും പത്താം ക്ലാസ്സിനുശേഷം തുടർ പഠനത്തിനാവശ്യമായ സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. |
| (ബി) | എറണാകുളം ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരിപക്ഷവും അധിവസിക്കുന്ന കോതമംഗലം മണ്ഡലത്തിലെ ആദിവാസി വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമായ പ്രസ്തുത ഹോസ്റ്റലിന്റെ പ്രവർത്തനം ഏത്രയും | ബി & സി | എറണാകുളം ജില്ലയിൽ കോതമംഗലം ബ്ലോക്കിൽ വടാശ്ശേരിയിൽ ബ്ലോക്കിന്റെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിൽ 30 കുട്ടികൾക്ക് താമസിച്ചപഠിക്കുന്നതിന് സൗകര്യം ലഭ്യമാണ്. എന്നാൽ ഹോസ്റ്റൽ ആവശ്യത്തിനായി കെട്ടിടം പൂർണ്ണമായി സജ്ജമാകുന്നതിന് അഞ്ച് ലക്ഷം രൂപയോളം |

| | | | |
|---|---|---|---|
| | വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | ചെലവാക്കി അറ്റകുറ്റപ്പണി നടത്തേണ്ടതായിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തിയതിനുശേഷം ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| സി) | ഹോസ്റ്റൽ ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ